# REVISION TEST SERIES - 3

**Class X** **MALAYALAM** **Time : 1½ hrs.**
**Marks : 40**

## SET A

### എ വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **5 × 1 = 5**

പഠനത്തെ ഒരു മാനസിക പ്രക്രിയയായി നിർവ്വചിച്ചതിലൂടെ പിയാഷെ ബോധന ശാസ്ത്രത്തിനു നൽകിയ അടിസ്ഥാനപരമായ സംഭാവനകളെ ആരും തന്നെ നിഷേധിക്കുമെന്നു തോന്നുന്നില്ല. പക്ഷേ പഠനത്തെ വ്യക്തിപരമായ ഒരു പ്രക്രിയ മാത്രമായി അദ്ദേഹം കണ്ടു എന്നിടത്താണ് പ്രശ്നം.

വിഗോട്സ്കി തന്റെ വികാസ സങ്കല്പവും വിദ്യാഭ്യാസ സിദ്ധാന്തവും പടുത്തുയർത്തിയത് മനുഷ്യനെ സംബന്ധിച്ച വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിന്റെ അടിത്തറയിലാണ്. ആ മനുഷ്യൻ വ്യവഹാര വാദികൾ കണ്ട കേവല മൃഗമല്ല. മറ്റൊരു ജീവിക്കും സാധ്യമാകാത്ത തോതിലുള്ള ഉയർന്ന മാനസിക പ്രക്രിയകളിൽ മനുഷ്യ ശിശുക്കൾക്കു വ്യാപൃതരാവാൻ കഴിയും. ലോകവുമായി നിരന്തരം ഇടപെടുന്നതിലൂടെ അറിവിന്റെ വിപുല ഭണ്ഡാകാരവും ആ കുഞ്ഞ് സ്വന്തമാക്കുന്നുണ്ട്. ഇത് സ്കിന്നറിന്റെ എലിക്കോ പ്രാവിനോ ഇല്ലാത്ത ഉപാധികളാണ്.

മനുഷ്യശിശു ജന്മനാ തന്നെ സാമൂഹ്യസ്വഭാവിയാണെന്ന് വിഗോട്സ്കി ചൂണ്ടിക്കാണിച്ചു. ഇന്ദ്രിയങ്ങൾ പ്രവർത്തിച്ചു തുടങ്ങുന്നതോടെ സാമൂഹ്യ ഇടപെടലും ആരംഭിക്കുന്നു. കുട്ടി സദാ സമൂഹത്തിനകത്താണ്. ഓരോ പ്രശ്ന പരിഹരണത്തിലും സമൂഹം നേരിട്ടോ അല്ലാതെയോ കുട്ടിയോടൊപ്പമുണ്ട്.

1) പിയാഷെയിൽ നിന്നും വ്യത്യസ്തമായി വിഗോട്സ്കി മുന്നോട്ടു വെച്ച ആശയം ഏത്?
(മനശ്ശാസ്ത്രത്തിനു പ്രാധാന്യം നൽകി, കുട്ടിയെ സമൂഹത്തിന്റെ ഭാഗമായി കണ്ടു, കുട്ടിയെ ഒഴിഞ്ഞ പാത്രമായി കണ്ടു, പഠനത്തെ മാനസിക പ്രക്രിയയായി കണ്ടു

2) 'സ്കിന്നറുടെ എലി, പ്രാവ്' എന്ന പ്രയോഗം താഴെ കൊടുക്കുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ്?
(ബഹുമുഖ ബുദ്ധി, വിമർശനാത്മകബോധനം, ചേഷ്ടാ വാദം, ജ്ഞാന നിർമ്മിതിവാദം)

3) പിയാഷെയുടെ ചിന്തകളുടെ പരിമിതിയായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്ത്?
(പഠനത്തെ വ്യക്തിപരമായ പ്രക്രിയയായി കണക്കാക്കി, ശിശുവിനെ കേന്ദ്രസ്ഥാനത്തു നിർത്തി, ചേഷ്ടാവാദം അടിസ്ഥാനമായി സ്വീകരിച്ചു, പഠനത്തെ സമൂഹവുമായി ബന്ധിപ്പിച്ചു)

4) മനുഷ്യനെ സംബന്ധിച്ച് വിഗോട്സ്കി പുലർത്തിയ വ്യത്യസ്തമായ കാഴ്ചപ്പാട് എന്ത്?
(വ്യവഹാര വാദികൾ കണ്ട കേവല മൃഗമാണ് മനുഷ്യൻ, വ്യക്തി ഏകാന്തമായ അന്വേഷണം നടത്തുന്നവനാണ്, അനുകരണത്തിലൂടെ പഠിക്കുന്നവനാണ് മനുഷ്യൻ, ഉയർന്ന മാനസിക പ്രക്രിയകളിലേർപ്പെടാൻ മനുഷ്യനു കഴിയുന്നു)

5) വിഗോട്സ്കിയുടെ അഭിപ്രായത്തിൽ കുട്ടിയിൽ പ്രശ്ന പരിഹരണം നടക്കുന്നത് എങ്ങിനെയാണ്?
(അധ്യാപകരിലൂടെ, ഏകാന്തമായ അവസ്ഥയിൽ, സാമൂഹികമായ ഇടപെടലിലൂടെ, വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെ)

2. **താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. 5 × 1 = 5**

a) 'മുഖ'ത്തിന്റെ പര്യായപദം അല്ലാത്തതേത്?
(ആനന്ദം, വദനം, വാദനം, വക്ത്രം)

b) 'ശ്രവണം' എന്ന പദത്തിന്റെ നാനാർത്ഥപദമല്ലാത്തത് ഏത്?
(ചെവി, ശ്രദ്ധ, കേൾക്കൽ, കീർത്തി)

c) 'വിവേകി' എന്ന പദത്തിന്റെ വിപരീതപദമേത്?
(ശരീരി, ദുർവിവേകി, ബുദ്ധിമാൻ, അവിവേകി)

d) 'കർമ്മം' - എന്ന പദത്തിന്റെ നാനാർത്ഥമേത്?
(ഭാഗ്യം, ദൈവം വിധി, ഭാഗ്യം പ്രവൃത്തി, ദൈവം പ്രവൃത്തി, വിധി)

e) 'അന്യന്റെ ദുഃഖം' - എന്ന പദത്തിന്റെ ഒറ്റപ്പദം ഏത്?
(അന്യദുഃഖം, സ്വദുഃഖം, പരദുഃഖം, എതിർദുഃഖം)

f) 'യതി' - എന്ന പദത്തിന്റെ നാനാർത്ഥം കണ്ടെത്തുക.
(സന്യാസി-വിരാമം, മന്ത്രം - സന്യാസി, സന്യാസി-വേദം, വേദം- മന്ത്രം)

3. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 3 × 2 = 6**

1. **"ആരതെന്നുടനറിഞ്ഞു കൗതുകം പാരമാർന്നു"**

   a) ആർക്കാണ് കൗതുകം വർധിച്ചത്?
   (നളിനിക്ക്, ദിവാകരന്, സന്യാസിക്ക്, വിവേകികൾക്ക്)

   b) ദിവാകരൻ ദർശിക്കുന്ന കണ്ണീരണിഞ്ഞ നളിനിയുടെ മുഖത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
   (ഉദിച്ചുയരുന്ന സൂര്യനോട്, മഞ്ഞണിഞ്ഞ പനിനീർപ്പൂവിനോട്, ഭൂരിബാഷ്പപരിപാടലത്തോട്, ഒരു ഇളം കുരുന്നിനോട്)

2. **"ചിരമഹോ കൊതിച്ചു ഞാൻ."**

   a) എന്താണ് കൊതിച്ചത്?
   (സന്യാസം, ദിവാകരദർശനം, പഴയ ജീവിതം, കളിക്കൂട്)

   b) ദിവാകരൻ നളിനിയെ പിരിഞ്ഞുപോയതെന്തിന്?
   (നളിനിയോടുള്ള പിണക്കം മൂലം, താമസം മാറുന്നതിന്, ദേശാടനത്തിന്, സന്യാസത്തിനുവേണ്ടി)

3. **'കഷ്ടകാല മഖിലം കഴിഞ്ഞു ഹാ'.**

   a) കഷ്ടകാലം എന്തായിരുന്നു?
   (നളിനിയുടെ ഏകാന്ത ജീവിതം, നളിയുടെ സന്യാസജീവിതം, ദിവാകരനുമായുള്ള വേർപിരിയൽ, വീട്ടുകാരുമായുള്ള വേർപിരിയൽ)

   b) ദിവാകരൻ നോക്കിയപ്പോൾ നളിനിയുടെ മുഖം എപ്രകാരമായിരുന്നു?
   (ഭൂരിബാഷ്പം, ഇടരാർന്ന്, ഭൂരിതാഭയോട്, പരിപാടലം)

4. **ബ്രാക്കറ്റിൽനിന്നും ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 × 4 = 4**

1. **"ഏവ മോതിയിടരാർന്നു കണ്ണുനീർ**
   **തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ**
   **ഭാവശാലികൾ പിരിഞ്ഞു കൂടിയ-**
   **ലീവിധംവികലമാം സുഖോദയം."**

a) ഇവിടെ വെളിപ്പെടുന്നതെന്ത്?

(നായികാനായകന്മാരുടെ കണ്ടുമുട്ടൽ, നായികയുടെ സങ്കടം, നളിനിയുടെ വൈകാരിക അവസ്ഥ)

b) ഇവിടെ നളിനി അനുഭവിക്കുന്ന മാനസികാവസ്ഥ ഏതു തരത്തിലുള്ളതാണ്?

(സന്തോഷം, ഉത്ക്കണ്ഠ, സുഖദുഃഖ സമ്മിശ്രമായ അവസ്ഥ)

c) ഇവിടുത്തെ സുഖോദയത്തെ വിശേഷിപ്പിക്കുന്നത് എങ്ങനെ?

(പൂർണ്ണം, അവികലം, വികലം)

d) എങ്ങനെയുള്ളവർ പിരിഞ്ഞുകൂടുമ്പോഴുണ്ടാകുന്ന സുഖോദയമാണ് അപൂർണ്ണമാകുന്നത്?

(ധീരർ, ഭാവശാലികൾ, പരസ്പരം മാനിക്കുന്നവർ)

2. **"ആദ്യത്തെ റൊമാന്റിക് മഹാകാവ്യം എന്ന് ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ച ഖണ്ഡകാവ്യമാണ് കുമാരനാശാന്റെ നളിനി."**

a) മഹാകാവ്യമെഴുതാതെ മഹാകവിപ്പട്ടം നേടിയ ആദ്യകവി?

(ഉള്ളൂർ, കെ.സി. കേശവപിള്ള, കുമാരനാശാൻ)

b) കുമാരനാശാന് മാതാപിതാക്കൾ ഇട്ട പേര് എന്തായിരുന്നു?

(കുമാരൻ, കുമാരു, ബാലൻ)

c) ഏ.ആർ. രാജരാജവർമ്മയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് കുമാരനാശാൻ രചിച്ച കൃതി ഏത്?

(വീണപൂവ്, ദുരവസ്ഥ, പ്രരോദനം)

d) ആശാൻ രചിച്ച നാടകം ഏത്?

(ശ്രീബുദ്ധചരിതം, പ്രബോധചന്ദ്രോദയം, ലീല)

## ബി വിഭാഗം

5. i) **പ്രയോഗം മാറ്റുക.** 1

വീണപൂവ് കുമാരനാശാനാൽ എഴുതപ്പെട്ടു.

ii) **അംഗഅംഗി വാക്യങ്ങൾ വേർതിരിച്ചെഴുതുക.** 1

ദിവാകരനെ കണ്ടപ്പോൾ നളിനിയുടെ മുഖം അവളറിയാതെ വികസിച്ചു.

6. **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 6

i) സൈബർ ലോകത്തിലെ ചതിക്കുഴികൾ

ii) നഷ്ടപ്പെട്ടുപോകുന്ന കാർഷിക സംസ്കാരം

**അഥവാ**

'റോഡ് അപകടങ്ങളിൽ പൊലിയുന്ന യുവത്വം' എന്ന വിഷയത്തിൽ യുവാക്കളെ ബോധവൽക്കരിക്കുന്നതിന് ഒരു ഫീച്ചർ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് കത്തെഴുതുക.

**7. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**2 × 4 = 8**

1) "ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കിലുമോർത്തിടായ്കിലും"
സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക.

2) "അന്യ ജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" (കുമാരനാശാൻ)
"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
അപരന്നു സുഖത്തിനായി വരേണം"
കാവ്യങ്ങളിലെ ജീവിത വീക്ഷണം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

3) "പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും"
ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

4) 'പ്രയിദർശനം' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

**8. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **1 × 4 = 4**

1) അഹങ്കാരിയും അഴിമതിക്കാരനുമായ ഉദ്യോഗസ്ഥന് സ്വാമികൾ ഉചിതമായ പാഠം നൽകിയതെങ്ങനെ?

2) മുണ്ടംപിള്ളിമാരാരെ സ്വാമികൾ പരാജയപ്പെടുത്തിയ അവസരം ഏത്? വിശദീകരിക്കുക.

3) ചട്ടമ്പിസ്വാമികളും സ്വാമിവിവേകാനന്ദനുമായുണ്ടായ കൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക.

# REVISION TEST SERIES - 3

**Class X** **MALAYALAM** **Time : 1½ hrs.**

**Marks : 40**

## SET B

### എ വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. 5 × 1 = 5**

പുസ്തകപ്പുഴുക്കൾ രാപ്പകൽ ഉറക്കമിളച്ചിരുന്നു വായിച്ചും, ചിന്തിച്ചും രൂപപ്പെടുത്തിയിട്ടുള്ള ഒന്നല്ല പഴമൊഴി. പുസ്തകങ്ങളെക്കാൾ എത്രയോ പ്രായമുള്ളവയാണ് അവ. വായനകൊണ്ടു മന്ദിക്കാത്ത അവലോകനശക്തിയും, തീക്ഷ്ണബുദ്ധിയും പ്രകൃതിയാകുന്ന പുസ്തകത്തിൽ വ്യാപരിക്കുന്നതിന്റെ ഫലം. ചില പ്രത്യേക സന്ദർഭങ്ങളിൽ ഊറിവീഴുന്നതാണ് നല്ല പഴഞ്ചൊല്ലുകൾ. ഈ വൈശിഷ്ട്യമാണ് അവയ്ക്ക് അനശ്വരത്വം സമ്പാദിച്ചുകൊടുക്കുന്നത്.

മിക്ക പഴമൊഴികളിലും പദ്യത്തിന്റെ വെടിപ്പും കവിതയുടെ ചൈതന്യവും ഉണ്ടായിരിക്കും. ചിലതിലൊക്കെ തെല്ലൊരു സംഗീതാത്മകത്വവും കണ്ടുവെന്നു വരാം. "ആനക്കാര്യത്തിൽ ചേനക്കാര്യം" എന്ന പഴഞ്ചൊല്ലിലെ 'ചേന'യ്ക്കു പകരം 'ചേമ്പാ'യാലും അർത്ഥം കിട്ടുമെങ്കിലും, 'ചേന'യല്ലാതെ മറ്റൊരു പദവും അവിടെ ചേരുകയില്ലെന്ന് ആരും സമ്മതിക്കും. ആ ശബ്ദഭംഗിയിലാണ് ആ പഴമൊഴിയുടെ ചുണയിരിക്കുന്നത്. "കുടലെടുത്തു കാണിക്കുമ്പോൾ വാഴക്കച്ചിയാണെന്നു പറയും" എന്ന പഴമൊഴി വികാരപാരമ്യത്തെക്കാണിക്കുമ്പോൾ, "കയ്യാലപ്പുറത്തെ തേങ്ങാ" സങ്കല്പത്തെയാണു സൂചിപ്പിക്കുന്നത്. "ഇരുതോണിയിൽ കാലുവയ്ക്കുക" എന്നതു തീർച്ചയായും അനുഭവത്തിൽനിന്നു കുരുത്തുവന്നതാണ്. ഇങ്ങനെ പല കാരണങ്ങൾ പഴഞ്ചൊല്ലുകളുടെ സൃഷ്ടിക്കു പ്രേരകമായിരിക്കുന്നു. ഏതായാലും, നൂറ്റൊന്നാവർത്തിച്ച എണ്ണയുടെ മട്ടിൽ, അനുഭവം ഉറഞ്ഞു കൂടിയിരുന്നെങ്കിൽ മാത്രമേ, പഴഞ്ചൊല്ലിന്റെ ഗുരുത്വവും മഹത്വവും ലഭിക്കുകയുള്ളു. ഒരു ഫ്രഞ്ച് എഴുത്തുകാരൻ പറഞ്ഞതുപോലെ ഒരു പുസ്തകം മുഴുവൻ ഒരു പേജിലും, ഒരു പേജ് ഒരു ശൈലിയിലും, ഒരു ശൈലി ഒരു പദത്തിലും കൊള്ളിക്കുന്ന കലാവൈഭവമാണു പഴഞ്ചൊൽനിർമ്മാണത്തിൽ ഉണ്ടായിരിക്കുന്നത്. അതു കേൾക്കുമ്പോൾ തന്നെ അതിന്റെ പുതുമ നമ്മെ വശീകരിക്കുന്നു, ഒരു നിമിഷത്തേക്കു നമ്മുടെ ശ്വാസനം തന്നെ നിന്നിട്ട് നാം അത്ഭുതത്തോടെ മിഴിച്ചു നോക്കുന്നു, അതുകഴിഞ്ഞ് അതിന്റെ അർത്ഥത്തെക്കുറിച്ച് ആലോചിക്കുകയും പൂർവാനുഭവങ്ങളുമായി ഒത്തുനോക്കുമ്പോൾ അതിന്റെ സത്യാവസ്ഥയും പൂർണതയും നമ്മെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ അല്പനേരത്തേക്കെങ്കിലും നമ്മെ ഒരു പുതിയ വെളിച്ചം കാണിച്ചശേഷം മിന്നി മറയുന്ന ഒരു വെള്ളിനക്ഷത്രമാണു പഴമൊഴി.

1) 'ഇരുതോണിയിൽ കാലുവെക്കുക' എന്ന പഴഞ്ചൊല്ലിന്റെ അർത്ഥമെന്ത്?

(രണ്ട് തോണിയിൽ കാല് വെച്ച് സഞ്ചരിക്കുക, രണ്ടു പക്ഷക്കാരുടെയും കൂടെ നിൽക്കുക, ഒരു പക്ഷത്ത് നിൽക്കുകയും മറുപക്ഷത്തെ സഹായിക്കാതിരിക്കുകയും ചെയ്യുക, രണ്ടുപക്ഷത്തെയും സഹായിക്കാതിരിക്കുക)

2) പഴഞ്ചൊല്ലുകളുടെ സവിശേഷതകളായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതിൽപ്പെടാത്തത് താഴെ കൊടുത്തവയിൽ ഏതാണ്?

(വ്യംഗ്യാർത്ഥ സൂചനയില്ലാത്തത്, ശബ്ദഭംഗിയുള്ളത്, കാവ്യാത്മകയുള്ളത്, അനുഭവങ്ങളിൽ നിന്നുണ്ടായത്)

3) 'ഒരു പുസ്തകം മുഴുവൻ ഒരു പേജിലും, ഒരു പേജ് ഒരു ശൈലിയിലും, ഒരു ശൈലി ഒരു പദത്തിലും കൊള്ളിക്കുന്ന കലാവൈഭവമാണ്പഴഞ്ചൊൽ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ളത്'

- ഇതിലൂടെ സൂചിപ്പിക്കുന്നത് താഴെക്കൊടുത്തവയിൽ ഏതാണ്?

(അലങ്കാരികത, സംക്ഷിപ്തത, ആധികാരികത, താളാത്മകത)

4) 'പുസ്തകപ്പുഴുക്കൾ രാപ്പകൽ ഉറക്കമിളച്ചിരുന്നു വായിച്ചും. ചിന്തിച്ചും രൂപപ്പെടുത്തിയിട്ടുള്ള ഒന്നല്ല പഴമൊഴി' - എന്ന് ലേഖകൻ പറയാൻ കാരണമെന്ത്?

(രാപ്പകൽ ഉറക്കമിളച്ചിരുന്നുണ്ടാക്കേണ്ടവയാണ് പഴഞ്ചൊല്ലുകൾ, പഴഞ്ചൊല്ലുകൾ നിർമ്മിക്കേണ്ടത് എഴുത്തുകാരാണ്, പുസ്തകങ്ങൾ ഉണ്ടാകുന്നതിന് എത്രയോ മുമ്പ് തന്നെ പഴഞ്ചൊല്ലുകൾ ഉണ്ടായിട്ടുണ്ട്, പുസ്തകങ്ങളിൽ പ്രസിദ്ധീകരിച്ചാലേ പഴഞ്ചൊല്ലുകൾ ശ്രദ്ധിക്കപ്പെടുകയുള്ളൂ)

5) 'പഴമൊഴി'യെ 'വെള്ളിനക്ഷത്ര'മായി വിശേഷിപ്പിച്ചതെന്തുകൊണ്ട്?

(നിമിഷനേരം കൊണ്ട് നമ്മെ ചിന്തിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട്, നിമിഷനേരത്തേക്ക് നമ്മുടെ മനസ്സിനെ അലോസരപ്പെടുത്തുന്നതിനാൽ, പഴഞ്ചൊല്ലിൽ കവിതയുടെ ചൈതന്യമുള്ളതിനാൽ, പ്രകൃതിയാകുന്ന പുസ്തകത്തിൽ വ്യാപരിക്കുന്നതിനാൽ)

**2. ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. 5 × 1 = 5**

a) 'ആദി' എന്ന പദത്തിന്റെ വിപരീതപദം എടുത്തെഴുതുക.

(വ്യാധി, ആധി, അന്തം, ആദിമഠം)

b) 'ഭവതി' എന്ന പദത്തിന്റെ എതിർലിംഗം ഏത്?

(ഭഗവാൻ, ഭഗവതി, ഭവാൻ, ഭാഗ്യവാൻ)

c) 'അർത്ഥം - അർദ്ധം' എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തുക.

(പണം-പകുതി, പകുതി-പണം, കുറച്ച്-പണം, പണം-വെറുതെ)

d) 'പ്രണയചാപലം' എന്നതിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

(പ്രണയത്തിന്റെ ചാപലം, പ്രണയവും ചാപലവും, പ്രണയം കൊണ്ടുള്ള ചപലം, പ്രണയമാകുന്ന ചാപലം)

e) താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം ഏത്?

(ദിഷ്ടം, ദിഷ്ഠം, ദിഷ്ട്ടം, ധിഷ്ടം)

f) 'ആകാശം' എന്നതിന് പര്യായമല്ലാത്ത പദം ഏത്?

(വ്യോമം, നഭസ്സ്, ഗഗനം, വായു)

**3. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 3 × 2 = 6**

1. **'ഏകുമർത്ഥിയാം പ്രാണിതൻ**

   **ഹിതമൊരിയ്ക്കലീശ്വരൻ'.**

   a) നളിനിയുടെ വാക്കുകളിൽ പരാമർശിക്കപ്പെടുന്ന ഹിതം എന്തായിരുന്നു?

   (ദിവാകരദർശനം, സന്യാസജീവിതം, ഗൃഹസ്ഥജീവിതം, മോക്ഷപ്രാപ്തി)

   b) 'നളിനി' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു?

   (മഹാകാവ്യം, ഖണ്ഡകാവ്യം, വിലാപകാവ്യം, സന്ദേശകാവ്യം)

2. **'പണ്ടുനിന്നെയൊരിളം കുരുന്നായ് കണ്ടു**

**ഞാൻ സപദി വല്ലിയായി നീ'**

a) ഇവിടെ വല്ലി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

(സന്യാസി, ദുഃഖിത, കാമുകി, യുവതി)

b) നളിനിയുടെ പ്രണയത്തെ ദിവാകരൻ നോക്കി കാണുന്നത് ഏത് വിധത്തിൽ?

(ചാപല്യമായി, ആദർശപ്രേമമായി, കൗതുകമായി, നേരമ്പോക്കായി)

3. **"ചിരമഹോ കൊതിച്ചു ഞാൻ."**

a) എന്താണ് കൊതിച്ചത്?

(സന്യാസം, ദിവാകരദർശനം, പഴയ ജീവിതം, കളിക്കൂട്ട്)

b) നളിനി ദിവാകരനെ കണ്ടുമുട്ടിയത് എവിടെവെച്ച്?

(ആശ്രമത്തിൽ, തോട്ടത്തിൽ, തടാകക്കരയിൽ ക്ഷേത്രനടയിൽ)

**4. ബ്രാക്കറ്റിൽനിന്നും ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 × 4 = 4**

1. **"ധീരനായ യതി നോക്കി തന്വിതൻ**

**ഭൂരിബാഷ്പ പരിപാടലം മുഖം**

**പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ -**

**ധാരയാർന്ന പനിനീർ സുമോപമം."**

a) 'പനിനീർസുമോപമം' എന്ന് ഇവിടെ പരാമർശിക്കുന്നത്?

(പ്രഭാതത്തെ, പ്രഭാതത്തിൽ വിടരുന്ന പനിനീർപ്പൂവിനെ, നളിനിയുടെ മുഖത്തെ)

b) ദിവാകരനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

(മഞ്ഞ്, യതി, തന്വിതൻ)

c) ധ്രുവമിഹ മാംസനിബദ്ധമല്ല രാഗം എന്നു തെളിയിക്കുന്ന, കുമാരനാശാന്റെ കൃതി ഏത്?

(ചണ്ഡാലഭിക്ഷുകി, ലീല, കരുണ)

d) അർഥിക്കുന്ന മനുഷ്യന്റെ ആഗ്രഹം ഒരിക്കൽ സാധിച്ചുകൊടുക്കുന്നത് ആരാണ്?

(ഈശ്വരൻ, വിവേകികൾ, അശരീരികൾ, യതി)

2. **"കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-**

**ത്തിണ്ടൽ വേണ്ട സഖി!കേണിടേണ്ട കേൾ.**

**പണ്ടു നിന്നെയൊരിളം കുരുന്നതായ്**

**കണ്ടു ഞാൻ സപദി വല്ലിയായി നീ."**

a) ഈ വാക്കുകൾ ആര് ആരോട് പറയുന്നതാണ്?

(യോഗി യുവസന്ന്യാസിനിയോട്, നളിനിയോട് ദിവാകരൻ, ദിവാകരനോട് നളിനി)

b) 'വല്ലി' എന്ന പദം ഏതവസ്ഥയെ സൂചിപ്പിക്കുന്നു?

(യൗവ്വനം, ബാല്യം, കൗമാരം, ശൈശവം)

c) നളിനിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു?

(ദിവാകരദർശനം, ഗൃഹസ്ഥജീവിതം, സന്യാസജീവിതം)

d) ഈ കവിതാഭാഗത്ത് വരുന്ന ശബ്ദാലങ്കാരം ഏത്?

(ആദിപ്രാസം, യമകം, ദ്വിതീയാക്ഷരപ്രാസം)

## ബി വിഭാഗം

**5.** i) **പ്രയോഗം മാറ്റുക.** **1**

ദിവാകരയോഗിയുടെ ചോദ്യങ്ങൾക്കെല്ലാം നളിനി ഉത്തരം പറഞ്ഞു.

ii) **വിധിവാക്യത്തെ അർത്ഥവ്യത്യാസമില്ലാതെ നിഷേധവാക്യമാക്കി മാറ്റുക.** **1**

മനുഷ്യജീവിതത്തിൽ സാർവ്വത്രികമായി ലയിച്ചുകിടക്കുന്ന അഗാതമായ സ്നേഹത്തെ കലാപരമായി ആവിഷ്കരിക്കുന്നു.

**6.** **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **6**

i) പ്രകൃതിദുരന്തങ്ങൾ - പ്രകൃതിയുടെ പ്രതികാരങ്ങൾ

ii) ലോകജീവിതം - കോവിഡ് -19 ന് മുൻപും ശേഷവും

**അഥവാ**

മസ്തിഷ്കമരണം സംഭവിച്ച കുടുംബനാഥന്റെ ഹൃദയം മറ്റൊരാളുടെ ജീവൻ രക്ഷിക്കാൻ ദാനം ചെയ്യുന്ന കുടുംബം - ശസ്ത്രക്രിയ വിജയകരം - ഇരു കുടുംബങ്ങളുടെയും ഡോക്ടർമാരുടെയും പ്രതികരണം - ഇവ ഉൾക്കൊള്ളിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.

**7.** **താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**4 × 2 = 8**

1) "സന്യാസിച്ചളവുമാസ്ഥയാൽ ഭവാൻ-
തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ
ധന്യയായ് സപദി കാൺകമൂലമാ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"

ദിവാകരനോടുള്ള നളിനിയുടെ കറപുരളാത്ത സ്നേഹത്തിന്റെ അടയാളമായി ഈ വരികൾ വ്യാഖ്യാനിക്കുക.

2) "കേണു വാണിവിടെ; യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക.

3) "പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചികമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

വരികൾ വിശകലം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

4) "ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം"

വരികൾ വിശകലനം ചെയ്ത് സവിശേഷതകൾ കുറിക്കുക.

**8.** **ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **1 × 4 = 4**

1) ഏറ്റുമാനൂർ ക്ഷേത്രത്തിൽ വച്ചുണ്ടായ രസകരമായ സംഭവം എന്തായിരുന്നു?

2) അഴിമതിക്കാരനായ ഉദ്യോഗസ്ഥന് സ്വാമികൾ നൽകിയ അനാദൃശ്യമായ പാഠമെന്തായിരുന്നു?

3) സ്വാമികളുടെ സാന്നിദ്ധ്യത്തിൽ ഹിംസ്രജന്തുക്കൾപോലും ശാന്തരാകുമായിരുന്നു എന്നതിന് ഒരുദാഹരണം എഴുതുക.